## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം. നം. 2321 — 18.12.2012- ൽ മറുപടിയ്ക്ക്

**ചോദ്യം**

ശ്രീ. കെ. രാധാകൃഷ്ണൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പു മന്ത്രി

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക

| | | |
|---|---|---|
| (എ) | ഈ സാമ്പത്തിക വർഷം ഇതുവരെ പദ്ധതി പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ഈ സാമ്പത്തിക വർഷം പദ്ധതി പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഇതുവരെ താഴെ പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.<br>കോർപ്പറേഷനുകൾ 140,05,10,107 രൂപ<br>മുനിസിപ്പാലിറ്റികൾ 195,48,43,894 രൂപ<br>ജില്ലാ പഞ്ചായത്തുകൾ 262,39,40,000 രൂപ<br>ബ്ലോക്ക് പഞ്ചായത്തുകൾ 300,63,93,600 രൂപ<br>ഗ്രാമ പഞ്ചായത്തുകൾ 1107,16,41,199 രൂപ<br>=================<br>ആകെ 2005,73,28,800 രൂപ |
| (ബി) | തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുകയിൽ ഇതേവരെ വിനിയോഗിച്ചതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | താൽക്കാലിക കണക്കനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതി പ്രവർത്തനങ്ങൾക്കായി 2012 ഒക്ടോബർ മാസം 31 വരെ 233.33 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | ഈ മേഖലയിൽ അനുവദിക്കേണ്ട തുക എത്രയാണെന്ന് പറയുമോ; | തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾക്കായി നടപ്പു വർഷം 3046.32 കോടി രൂപയാണ് അനുവദിക്കേണ്ടത്. |

| | | |
|---|---|---|
| (ഡി) | സാമ്പത്തിക വർഷം അവസാനിക്കുവാൻ മൂന്നുമാസം മാത്രം അവശേഷിക്കെ അനുവദിച്ച തുക നാമമാത്രമായി മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്ന വസ്തുത ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; | ധനകാര്യ വകുപ്പ് വിശദമായി പരിശോധിച്ചിട്ടില്ല |
| (ഇ) | എങ്കിൽ ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളിലും കോർപ്പറേഷനുകളിലും പദ്ധതി നടത്തിപ്പിനുള്ള പ്രതിസന്ധി പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | പദ്ധതി നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയം ഭരണ വകുപ്പ് സ്വീകരിച്ചു വരുന്നു. |

Shijinh

സെക്ഷൻ ഓഫീസർ